LIBRARY ARCHIVES Kerala Legislative Assembly

കിടങ്ങൂർ ആയുർവേദ ആശുപത്രി നവീകരണം

147 (812) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രി നവീകരണം സംബന്ധിച്ച (51015/D1/2014/H&FWD) ആയുർവേദ ഡയറക്ടറേറ്റിൽനിന്നും ശിപാർശ ലഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ശിപാർശ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രി നവീകരണം സംബന്ധിച്ച് ലഭിച്ച അപേക്ഷ 51015/D1/2014/H&FWD നമ്പർ ഫയൽ പ്രകാരം വിശദമായ ശിപാർശ സമർപ്പിക്കുവാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുണ്ട്.

കാസർഗോഡ് ആയുർവേദ ആശുപത്രിയിലെ ഐ.പി. യൂണിറ്റിന്റെ പ്രവർത്തനം

148 (813) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ആയുർവേദ ആശുപത്രിയിൽ നിലവിൽ ഐ. പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) നിലവിലുള്ള ബെഡ് സൗങ്ത് 10-ൽനിന്ന് 30 ആക്കി ഉയർത്തുന്നതിന് മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുള്ള കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലെ ഏക ഐ. പി. യൂണിറ്റുള്ള ആയുർവേദ ആശുപത്രി എന്ന പരിഗണന നൽകി ആവശ്യമായ തസ്തിക അനുവദിച്ച് മന്ത്രിസഭാ തീരുമാന പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 10 ബെഡ്ഡുള്ള ആശുപത്രിയായി പ്രവർത്തിച്ചുവരുന്നു.

(ബി & സി) തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ഗവൺമെന്റ് ആയുർവേദ ആശുപത്രി 22-1-2014-ലെ സ.ഉ.(കൈ)26/14/ആ.കു.വ. നമ്പർ പ്രകാരം 30 ബെഡ്ഡായി ഉയർത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിമൂലം ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. ഈ വിഷയം വീണ്ടും സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്നുവിതരണം

149 (814) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്യുന്ന 820-ൽ കൂടുതൽ ജനറിക് മരുന്നുകളിൽ എത്ര മരുന്നുകൾ നിലവിൽ ലഭ്യമാണ് ; ഓരോ മരുന്നിന്റെയും എത്ര സ്റ്റോക്കുവീതം കൈവശമുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മരുന്നുകളിൽ നിലവിൽ ലഭിക്കാത്ത മരുന്നുകൾ ഏതെല്ലാം ; അവ എപ്പോൾ ലഭ്യമാക്കും ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഏറ്റുമാനൂർ മെഡിക്കൽ കോളേജുകളിൽ പോലും സൗജന്യ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ല എന്നതും മെഡിക്കൽ കോളേജുകൾക്ക് ഇത് കെ.എം.എസ്.സി.എൽ. നൽകുന്നില്ല എന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നിലവിൽ ഓരോ മെഡിക്കൽ കോളേജിലും രോഗികൾക്കു നൽകേണ്ടതും കൈവശമുള്ളതുമായ മരുന്നുകളും അവയുടെ സ്റ്റോക്കും നടപ്പുവർഷം കെ.എം.എസ്.സി.എൽ. മെഡിക്കൽ കോളേജുകൾക്കു നൽകിയ മരുന്നുകളുടെ അളവും എത്രയെന്ന് വ്യക്തമാക്കുമോ ; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 585 ഇനം മരുന്നുകളും അനുബന്ധ ഉപകരണങ്ങളുമാണ് നടപ്പു സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നതിനായി കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത മരുന്നുകളുടെ നിലവിലുള്ള സ്റ്റോക്ക് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly